**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **27-06-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ പാർക്ക് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്ക് റബ്ബർ കർഷകരുടെ അർഹതാ മാനദണ്ഡത്തിന് അനുസൃതമായി റീപ്ലാന്റിംഗ് സബ്സിഡി ഹെക്ടറിന് 40,000 രൂപയായി വർദ്ധിപ്പിക്കുന്നതിനായി റബ്ബർ ബോർഡ് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് . |
| (ബി) | റബ്ബർ കൃഷിക്ക് സഹായധനം നൽകുന്നതിനുള്ള ഘടകങ്ങൾ കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | റബ്ബർ വിളയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനായി പുനർനടീൽ ധനസഹായം, കർഷകർക്കുള്ള സാങ്കേതിക സഹായം, വായ്പാധിഷ്ഠിത പുനർനടീൽ പദ്ധതികൾ എന്നിവ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. റബ്ബർ കൃഷിയിൽ കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനു ആവശ്യമായ കൃഷിരീതികൾ, സമ്പ്രദായങ്ങൾ എന്നിവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി റബ്ബർ ഗവേഷണ കേന്ദ്രം മുഖേന പരിശീലന പരിപാടികളും നടത്തുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ റബ്ബർ നഴ്സറികൾ നടത്തുന്ന വ്യക്തികൾ, സംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവർക്ക് നഴ്സറി വിപുലീകരണത്തിനുള്ള ധനസഹായവും പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്നു. |
| (സി) | സംസ്ഥാനത്ത് റബ്ബർ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (സി) | റബ്ബർബോർഡിന്റേയും കിൻഫ്രയുടേയും സംയുക്താഭിമുഖ്യത്തിലാണ് റബ്ബർപാർക്ക് സ്ഥാപിച്ചിരിക്കുന്നത്. റബ്ബർ വ്യവസായത്തിലെ വിവിധ വിഭാഗങ്ങളെ ഉൾക്കൊള്ളുന്നിതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു സമർപ്പിത വ്യവസായ മേഖലയായി റബ്ബർ പാർക്ക് പ്രവർത്തിക്കുന്നു. 52 പ്രവർത്തന വ്യവസായ യൂണിറ്റുകളുള്ള എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഐരാപുരം വില്ലേജിലെ 110 ഏക്കർ സ്ഥലത്താണ് ആദ്യത്തെ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്.<br><br>കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പിറവന്തൂരിൽ 20 ഏക്കർ സ്ഥലത്താണ് രണ്ടാമത്തെ റബ്ബർ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്. ടി പാർക്കിൽ ഭൂമി ഇപ്പോൾ വ്യവസായ യൂണിറ്റുകൾക്ക് അനുവദിക്കാൻ തയ്യാറായിക്കഴിഞ്ഞു.<br><br>റബ്ബർ പാർക്കിനുള്ളിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ട്. അതിൽ വികസിപ്പിച്ച വ്യവസായ പ്ലോട്ടുകൾ, നല്ല റോഡ് ശൃംഖലകൾ, വൈദ്യുതി വിതരണം, വെള്ളം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ കൂടാതെ ടെസ്റ്ററിംഗ്, സർട്ടിഫിക്കേഷൻ സെന്റർ, ഗവേഷണം, പരിശീലനം, വികസനം എന്നിവയും ഉൾപ്പെടുന്നു. |
| (ഡി) | പ്രസ്തുത തീരുമാനത്തോടനുബന്ധിച്ച് ഉൾപ്പെടുത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | റബ്ബർബോർഡിന്റേയും കിൻഫ്രയുടേയും സംയുക്താഭിമുഖ്യത്തിലാണ് റബ്ബർപാർക്ക് സ്ഥാപിച്ചിരിക്കുന്നത്. റബ്ബർ വ്യവസായത്തിലെ വിവിധ വിഭാഗങ്ങളെ ഉൾക്കൊള്ളുന്നിതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു സമർപ്പിത വ്യവസായ മേഖലയായി റബ്ബർ പാർക്ക് പ്രവർത്തിക്കുന്നു. 52 പ്രവർത്തന വ്യവസായ യൂണിറ്റുകളുള്ള എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഐരാപുരം വില്ലേജിലെ 110 ഏക്കർ സ്ഥലത്താണ് ആദ്യത്തെ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്.<br><br>കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പിറവന്തൂരിൽ 20 ഏക്കർ സ്ഥലത്താണ് രണ്ടാമത്തെ റബ്ബർ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്. ടി പാർക്കിൽ ഭൂമി ഇപ്പോൾ വ്യവസായ യൂണിറ്റുകൾക്ക് അനുവദിക്കാൻ തയ്യാറായിക്കഴിഞ്ഞു.<br><br>റബ്ബർ പാർക്കിനുള്ളിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ട്. അതിൽ വികസിപ്പിച്ച വ്യവസായ പ്ലോട്ടുകൾ, നല്ല റോഡ് ശൃംഖലകൾ, വൈദ്യുതി വിതരണം, വെള്ളം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ കൂടാതെ ടെസ്റ്ററിംഗ്, സർട്ടിഫിക്കേഷൻ സെന്റർ, ഗവേഷണം, പരിശീലനം, വികസനം എന്നിവയും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ